പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6988 13.7.2012 ന് മറുപടിക്ക്

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണോ എന്നറിയിക്കുമോ; | (എ) ഉണ്ട് .തൃപ്തികരമാണ്. |
| (ബി)ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് .ഈ സർക്കാർ അധികാരമേറ്റ ശേഷം ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ച പ്പെടുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1) വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി . കൂടാതെ ഓൺ ലൈൻ സംവിധാനം ഉപയോഗിച്ച് ഫാക്ടറികൾക്ക് ലൈസൻസ് നൽകുന്ന പദ്ധതി ആരംഭിച്ചു.<br>2)ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് , റീജിയണൽ ജോയിൻറ് ഡയറക്ടർ ആഫീസുകൾ എന്നിവ മോഡൽ ആഫീസുകൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തു.<br>3) വകുപ്പിന്റെ സുരക്ഷാരഥം ഉപയോഗിച്ച് തൊഴിലാളികൾക്ക് സുരക്ഷാ പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചു. കൂടാതെ തൊഴിൽ ജന്യ രോഗങ്ങൾ തടയുന്നതിനും ആരോഗ്യ രക്ഷ ഉറപ്പാക്കുന്നതിനുമായി വകുപ്പിലെ മെഡിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ |

ക്യാമ്പുകൾ നടത്തി വരുന്നു.

4) ഉണ്ട് .ഒക്കുപ്പേഷണൽ ഹെൽത്ത് സെൻററിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

5)വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും വിപുലീകരണവും മറ്റും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി)ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

(സി) വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം ബജറ്റിൽ 110 ലക്ഷം രൂപ റവന്യൂ ഹെഡിലും , 350 ലക്ഷം രൂപ കാപ്പിറ്റൽ ഹെഡിലും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ